# പിശാച്: മനുഷ്യന്റെ പ്രഥമ ശത്രു

ശൈഖ് അബ്ദുല്ലാഹ് ബ്നു അബ്ദിൽ ഹമീദ് അൽ അഥരി

الحمد لله رب العالمين، والصلاة والسلام على رسول الله خاتم النبيين، وعلى آله وصحبه ومن والاه إلى يوم الدين.

സൃഷ്ടിപ്പിന്റെ പ്രാരംഭഘട്ടം മുതൽ തുടങ്ങിയതാണ് മനുഷ്യനുമായുള്ള പിശാചിന്റെ കഥ. അത് അന്ത്യനാൾവരെ തുടരുകയും ചെയ്യും. മനുഷ്യപിതാവ് ആദം നബി(ﷺ)യിൽ നിന്ന് തുടങ്ങി, അദ്ദേഹത്തിന്റെ സന്താനപരമ്പരയിലൂടെ ഇന്നും തുടരുന്ന ശത്രുതയുടെ കഥയാണത്. പിശാചിനേയും അവന്റെ അടങ്ങാത്ത പകയേയും പറ്റി പടച്ചതമ്പുരാൻ നമുക്ക് ജാഗ്രതാനിർദ്ദേശം നൽകിയിട്ടുള്ളതാണ്. അവന്റെ ചതികളേയും കുതന്ത്രങ്ങളേയും കരുതിയിരിക്കണമെന്നും അല്ലാഹു ഉപദേശിച്ചിട്ടുള്ളതാണ്. ഖുർആനിൽ നിന്ന് വായിക്കുക:

الشيطَانُ يَعدكُم الْفَقْرَ وَيأْمركُم بِالْفَحشَاءِ وَالله يَعدكُم مَغفرَةً منه وَفَضلًا وَالله واسع عَليم (البقرة: 268)

''പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവന്റെ പക്കൽ നിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു.'' (ബഖറ: 268)

إن الشيطَانَ لَكُم عَدو فَاتخذُوه عَدوا إنمَا يَدعو حزبَه ليَكُونوا من أَصحَابِ السعيرِ (فاطر: 6)

''തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരുക്കുവാൻ വേണ്ടി മാത്രമാണ്.'' (ഫാത്വിർ: 6)

يَا أَيهَا الناس كُلُوا مما في الْأَرضِ حَلَالًا طَيبا وَلَا تَتبِعوا خطُوَات الشيطَان إنه لَكُم عَدو مبِين * إنمَا يَأْمركُم بِالسوءِ وَالْفَحشَاءِ وَأَنْ تَقُولُوا عَلَى الله مَا لَا تَعلَمونَ (البقرة: 168، 169)

''മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു. ദുഷ്കൃത്യങ്ങളിലും നീചവൃത്തി കളിലും ഏർപെടുവാനും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞു ണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത്.'' (ബഖറ: 169)

يَا أَيهَا الذينَ آَمنوا ادخلُوا في السلْمِ كَافةً وَلَا تَتبِعوا خطُوَات الشيطَان إنه لَكُم عَدو مبِين (البقرة: 208)

''സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണ്ണമായി കീഴ്വണക്കത്തിൽ പ്രവേശിക്കുക. പിശാചി ന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങ ളുടെ പ്രത്യക്ഷ ശത്രുവാകുന്നു.'' (ബഖറ: 208)

كَمَثَلِ الشيطَان إذْ قَالَ للْإنسَان اكْفُر فَلَما كَفَرَ قَالَ إني بَرِيءٌ منكَ إني أَخَافُ اللهَ رَب الْعَالَمينَ (الحشر: 16)

''പിശാചിന്റെ അവസ്ഥ പോലെ തന്നെ. മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോകരക്ഷിതാവായ അല്ലാഹുവെ ഞാൻ ഭയപ്പെടുന്നു.'' (ഹശ്ർ: 16)

മനുഷ്യകുലത്തോടുള്ള പിശാചിന്റെ ശത്രുതയെ ഇനിയും ഒട്ടനവധി ആയത്തുകളിലൂടെ ഖുർആൻ ശരിവെക്കുന്നുണ്ട്. പിശാചിന്റെ ശത്രുതക്ക് കൃത്യമായ ഒരുലക്ഷ്യമുണ്ട്; തന്നെ അനുഗമിക്കുന്നവരെ നരകത്തിലേക്കെത്തിക്കുക എന്നതാണ് ആ ലക്ഷ്യം.

ജിന്നുവംശജനാണ് ശൈത്വാൻ. ആദംസന്തതികളിൽ വസ്‌വാസുകളുണ്ടാക്കുവാനും, അവരെ പതിയിരുന്നാക്രമിക്കുവാനും, അവരുടെ ലക്ഷ്യം തകർക്കുവാനുമാണ് പിശാചിന്റെ ഉന്നം. അല്ലാഹു പറഞ്ഞു:

وَإِن الشَّيَاطِينَ لَيوحونَ إِلَى أَوْلِيَائِهم لِيجَادِلُوكُم وَإِنْ أَطَعتموهم إنكُم لَمشرِكُونَ (الأنعام: 121)

''നിങ്ങളോട് തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് തീർച്ചയായും ദുർബോധനം നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിക്കുന്ന പക്ഷം തീർച്ചയായും നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർക്കുന്നവരായിപ്പോകും.'' (അൻആം: 121)

തന്റെ ദാസന്മാരിലെ ചിലരെയെങ്കിലും സ്വാധീനിക്കാൻ അല്ലാഹു പിശാചിന്ന് അവസരമുണ്ടാക്കിക്കൊടുക്കും എന്ന വസ്തുത നാം കരുതലോടെ മനസ്സിലാക്കിയിരിക്കണം. അല്ലാഹു പറഞ്ഞു:

وَاستَفْزِز مَن استَطَعتَ منهم بِصَوتكَ وَأَجلب عَلَيهم بِخَيلكَ وَرَجِلكَ وَشَارِكْهم في الْأَموَالِ وَالْأَولَاد وَعدهم وَمَا يَعدهم الشيطَانُ إلا غُرورا (الإسراء: 64)

''അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ട് കൊള്ളുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും നീ വിളിച്ചുകൂട്ടുകയും ചെയ്ത് കൊള്ളുക. സ്വത്തുക്കളിലും സന്താനങ്ങളിലും നീ അവരോടൊപ്പം പങ്ക് ചേരു കയും അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തുകൊള്ളുക. പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു.'' (ഇസ്‌റാഅ്: 64)

അതേ സമയം പിശാചിന്റെ സകലമാന കുതന്ത്രങ്ങളിൽ നിന്നും ചതിക്കുഴികളിൽ നിന്നും താനുദ്ദേശിക്കുന്ന ദാസന്മാരെ അല്ലാഹു കാത്തുസംരംക്ഷിക്കുന്നതാണ്. അല്ലാഹു പറയുന്നു:

إنه لَيسَ لَه سلْطَانٌ عَلَى الذينَ آمنوا وَعَلَى رَبهم يَتوَكلُونَ * إنمَا سلْطَانه عَلَى الذينَ يَتوَلونَه وَالذينَ هم بِه مشرِكُونَ (النحل: 99، 100)

''വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന്ന് (പിശാചിന്) യാതൊരു അധികാരവുമില്ല; തീർച്ച. അവന്റെ അധികാരം അവനെ രക്ഷാധികാരിയാക്കുന്നവരുടെയും അല്ലാഹുവോട് പങ്കുചേർക്കുന്ന വരുടെയും മേൽ മാത്രമാകുന്നു.'' (നഹ്ൽ: 99, 100)

ഇത്രമേൽ ശക്തമാണ് പിശാചിന്റെ ശത്രുതാഭാവം എന്ന് തിരിച്ചറിയുന്ന ഓരോ മുസ്‌ലിമും തന്റെ പ്രതിയോഗിയുടെ കഴിവുകളെപ്പറ്റി പൂർണ്ണമായും അറിഞ്ഞിരിക്കാൻ ശ്രദ്ധിക്കണം. എങ്കിലേ, തനിക്കു മുന്നിൽ ഒരുക്കിവെക്കുന്ന ശത്രുവിന്റെ ചതിനിറഞ്ഞ പ്ലാനുകളേയും പദ്ധതികളേയും കരുതലോടെ നേരിടാനും, സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാനും സാധിക്കുകയുള്ളൂ.

ആരാണ് പിശാച്? എന്താണവന്റെ ശൈലി? അവനൊരുക്കുന്ന തന്ത്രങ്ങളെന്തൊക്കെ? അവൻ മനുഷ്യനെ സന്ദേഹങ്ങളിലകപ്പെടുത്തുന്നതും, അവരെ വരുതിയിലാക്കുന്നതും ഏതേതൊക്കെ മാർഗങ്ങളിലൂടെ? തുടങ്ങിയ ഒരുപാടു കാര്യങ്ങൾ വിശദമാക്കപ്പെടേണ്ടതുണ്ട്. നമ്മുടെ കഠിന ശത്രുവിനെപ്പറ്റി കൃത്യമായ ധാരണയിലെത്താനും, അവന്റെ ചെയ്തികളിൽ നിന്ന് മാറിനിൽക്കുവാനും, കുതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് സുരക്ഷാവഴികൾ സ്വീകരിക്കാനും, അങ്ങനെ അവനെ പരാജയപ്പെടുത്താനും അത്‌വഴി സാധിതമാകുന്നതാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമാണ് നമുക്ക് ലഭിക്കുന്നത്. ശത്രുവിന്റെ ശേഷിയും പോരാട്ടത്തിന്റെ രീതിയും ഈ രണ്ടു പ്രമാണങ്ങളും കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. അതിനെ പഠിച്ചെടുക്കുന്ന ആർക്കും പ്രതിയോഗിക്കെതിരിൽ ജാഗ്രത്താകാനും, വേണ്ടവിധം അവനെ പ്രതിരോധിക്കാനും സാധിക്കുമെന്നതിൽ സംശയമില്ല. യുദ്ധഭൂമി ഏതാകട്ടെ, ശത്രുപക്ഷം എത്ര ശക്തമാകട്ടെ, അവയെ നേരിടാനുതകുന്ന സകല ആയുധ സാമഗ്രികളും ഖുർആനും സുന്നത്തും നമുക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്.

പൂർവ്വഗാമികളായ സ്വഹാബത്തും താബിഉകളും തബഉത്താബിഉകളും ജീവിച്ച ഋജു മാർഗ്ഗത്തിൽ തുടരാൻ നമുക്കല്ലാഹു അനുഗ്രഹം ചൊരിയട്ടെ. അവരെപ്പറ്റി അല്ലാഹു പറഞ്ഞത് എത്ര സത്യം:

كُنتم خَيرَ أُمة أُخرجَت للناسِ تَأمرونَ بِالْمَعروف وَتَنهَونَ عَنِ الْمنكرِ وَتؤمنونَ بِالله (آل عمران: 110)

''മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.'' (ആലു ഇംറാൻ: 110)

### പിശാചിനെ തിരിച്ചറിയുക

ഏതു പ്രതിസന്ധികളേയും അതിജയിച്ചുനിൽക്കാനുള്ള ഇസ്ലാമിന്റെ ശേഷിയാണ് എന്നും അതിനെ തലയുയർത്തി നിൽക്കാൻ പ്രാപ്തമാക്കുന്നത്. ഇസ്ലാമിന്റെ മാത്രം സവിശേഷയാണത്. ശാന്തമായ അന്തരീക്ഷത്തിൽ ജീവിക്കാനുള്ള എല്ലാ വഴികളും, മാധ്യമങ്ങളും ഇസ്ലാം വിശ്വാസികൾക്ക് നൽകുന്നുണ്ട്. പ്രവാചകന്റെ ജീവിതത്തെ കണിശമായി പിന്തുടരുന്ന ഏതൊരു മുസ്ലിമിനും പിശാചുക്കളുടെ ഉപദ്രവങ്ങളെ ഫലപ്രദ മായി പ്രതിരോധിക്കാൻ സാധിക്കുന്നതാണ്.

മനുഷ്യന്റെ പ്രഥമ ശത്രുവിനെ അഥവാ പിശാചിനെ സംബന്ധിച്ച സംക്ഷിപ്തമായ വിശകല നമാണ് ചുവടെ നൽകുന്നത്.

### പിശാച് രണോത്സുകനായ ശത്രു

ഒരിക്കലും ഒടുങ്ങാത്ത അഹന്തയും മനുഷ്യനോടുള്ള അടങ്ങാത്ത പകയും ശക്തമായ യുദ്ധപ്രഖ്യാപനത്തിലേക്ക് പിശാചിനെ പ്രേരിപ്പിച്ചിട്ടുണ്ട്. അതിന്നുള്ള അനുമതിയും അവൻ അല്ലാഹുവിൽ നിന്ന് സമ്പാദിച്ചിട്ടുണ്ട്. മനുഷ്യരോടെതിരിടാൻ അനുവാദം നൽകിയതിലെ രഹസ്യം പടച്ചതമ്പുരാനു മാത്രം അറിയാവുന്ന സംഗതിയാണ്. ഏതായാലും, പിശാച് തന്റെ തീരുമാനം നടപ്പിലാക്കാനും, തനിക്കു വഴിപ്പെടുന്നവരെ തന്റെ വരുതിയിലകപ്പെടുത്തി അടക്കിനിർത്താനും ശ്രമിച്ചു കൊണ്ടേയിരിക്കുകയാണ്. അല്ലാഹു പറയുന്നു:

قَالَ رَب فَأَنظرنِي إِلَى يَومِ يبعَثُونَ * قَالَ فَإِنكَ منَ الْمنظَرِينَ * إِلَى يَومِ الْوَقْت الْمَعلُومِ * قَالَ رَب بِمَا أَغْوَيتَنِي لَأُزَينَن لَهم في الْأَرضِ وَلَأُغْوِيَنهم أَجمَعِينَ (الحجر: 36-39)

''അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ എനിക്ക് നീ അവധി നീട്ടിത്തരേണമേ. അല്ലാഹു പറഞ്ഞു: എന്നാൽ തീർച്ചയായും നീ അവധി നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ തന്നെയായിരിക്കും. ആ നിശ്ചിത സന്ദർഭം വന്നെത്തുന്ന ദിവസം വരെ. അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാ ക്കിയതിനാൽ, ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച.'' (ഹിജ്ർ: 36–39)

### നാലുഭാഗത്തുനിന്നുമുള്ള പിശാചിന്റെ ആക്രമണം

പിശാച് മനുഷ്യനെ നേരിടുന്നത് വിവിധഭാഗങ്ങളിലൂടെയാണ്. തന്റെ ലക്ഷ്യം നേടാൻ അവൻ സ്വീകരിക്കുന്ന തന്ത്രമാണത്. അവന്റെ ആക്രമണ രീതിയെപ്പറ്റി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

قَالَ فَبِمَا أَغْوَيتَنِي لَأَقْعدَن لَهم صرَاطَكَ الْمستَقيمَ * ثُم لَآتيَنهم من بَينِ أَيديهِم وَمن خَلْفهِم وَعَن أَيمَانِهِم وَعَن شَمَائلهِم وَلَا تَجِد أَكْثَرَهم شَاكرِينَ (الأعراف: 16، 17)

''അവൻ (ഇബ്ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും, അവരുടെ പിന്നിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും, ഇടതുഭാഗ ങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധിക പേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല.'' (അഅ്റാഫ്: 16, 17)

പിശാച് തന്റെ പടനയിക്കുന്നത് ഒരാൾക്കും പ്രാപ്യമല്ലാത്ത അതിനിഗൂഢമായ നീക്കങ്ങളിലൂടെയാണ്. മനുഷ്യനുമായി ദൃഷ്ടിയിൽ നിന്ന് നേർക്കുനേരെ പടവെട്ടുന്നവനല്ല പിശാചും സൈന്യവും എന്നതു കൊണ്ടുതന്നെ കൂടുതൽ അപകടകാരിയാണ് അവൻ.

നബി തിരുമേനി(ﷺ) അരുളി:

قال النبي ﷺ: «إن الشيطان يجري من ابن آدم مجرى الدم».(متفق عليه)

'പിശാച് ആദം സന്താനത്തിന്റെ രക്തമൊഴുകുന്നിടങ്ങളിലൂടെ യെല്ലാം സഞ്ചരിക്കുന്നതാണ്.' (ബുഖാരി, മുസ്‌ലിം)

മനുഷ്യശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളിലും രക്തത്തിന്റെ സഞ്ചാരമുണ്ട്. അതുപോലെയാണ് പിശാചും. സ്വന്തം ശരീരത്തിലെ രക്തസഞ്ചാരം തിരിച്ചറിയാൻ മനുഷ്യനു കഴിയാത്തതു പോലെ, മനുഷ്യനിലുണ്ടാക്കുന്ന പിശാചിന്റെ ദുർമന്ത്രങ്ങളറിയാനും അവന്ന് സാധ്യമല്ല.

**പിശാച് ഒരഹങ്കാരി**

വിനയത്തിന്റെ തരിമ്പുമില്ലാത്ത, അഹങ്കാരത്തിന്റെ മൂർധന്യതയിൽ ജീവിക്കുന്ന ദുഷ്ടനാണ് പിശാച്. അല്ലാഹുവിന്റെ കൽപനയോട് ധിക്കാരം കാണിക്കാൻ മാത്രം അഹങ്കാരം കൊണ്ട് അന്ധതബാധിച്ചവനായിരുന്നു അവൻ. അല്ലാഹു പറഞ്ഞു:

وَإِذْ قُلْنَا لِلْمَلَائِكَةِ اسجدوا لِآدَمَ فَسَجَدُوا إِلَّا إِبْلِيسَ أَبَى وَاسْتَكْبَرَ (البقرة: 34)

''ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു.'' (ബഖറ: 34)

**മനുഷ്യനെ തർക്കപ്രിയനാക്കുന്നത് പിശാച്**

അല്ലാഹുവിനെ സംബന്ധിച്ച് അറിവില്ലാത്ത പറയാനും അനാവശ്യമായ തർക്കവിതർക്കങ്ങളിലേർപ്പെടാനും മനുഷ്യനെ പ്രേരിപ്പിക്കുന്നത് പിശാചാണെന്ന കാര്യത്തിൽ സന്ദേഹമില്ല. ഖുർആനത് വ്യക്തമാക്കിയിട്ടുണ്ട്:

وَمِنَ الناسِ مَن يجَادلُ في الله بِغَيرِ عِلْمٍ وَيَتبِع كُل شَيطَان مَرِيد (الحج: 3)

''യാതൊരു അറിവുമില്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിക്കുകയും, ധിക്കാരിയായ ഏത് പിശാചിനെയും പിൻപറ്റുകയും ചെയ്യുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്.'' (ഹജ്ജ്: 3)

**വിശ്വാസികൾക്കിടയിൽ കുഴപ്പമുണ്ടാക്കുന്നവനാണ് പിശാച്.**

ഐക്യത്തിലും രമ്യതയിലും കഴിയുന്ന വിശ്വാസികൾക്കിടയിൽ കുഴപ്പത്തിന്റേയും ശൈഥില്യത്തിന്റേയും വിത്തുപാകുന്നവനാണ് പിശാചെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

وَقُلْ لِعَبَادِي يَقُولُوا التي هِيَ أَحسَن إِن الشيطَانَ يَنزَغُ بَينَهم إِن الشيطَانَ كَانَ لِلْإِنسَان عَدوا مبينا (الإسراء: 53)

''നീ എന്റെ ദാസൻമാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു.'' (ഇസ്രാഅ്: 53)

പ്രവാചകന്റെ ഒരു തിരുമൊഴി ശ്രദ്ധിക്കുക:

وقال ﷺ: «إن الشيطان قد أيس أن يعبده المصلون في جزيرة العرب ولكن في التحريش بينهم» (رواه مسلم)

നബി തിരുമേനി (ﷺ) അരുളി: 'ജസീറത്തുൽ അറബിൽ, നമസ്കരിക്കുന്ന ആളുകൾ തന്നെ ആരാധിക്കുന്ന കാര്യത്തിൽ പിശാച് നിരാശപ്പെട്ടിരിക്കുന്നു. എന്നാൽ, അവർക്കിടയിൽ കുഴപ്പങ്ങളുണ്ടാക്കുന്നതിൽ (അവൻ സന്തുഷ്ടനാണ്).' (മുസ്ലിം)

### പിശാച് ദുർവ്യയക്കാരുടെ സഹോദരൻ

സമ്പാദിച്ചുണ്ടാക്കിയ ധനം ലക്ഷ്യബോധമോ, ഗുണമോഹമോ ഇല്ലാതെ, തോന്നിയതു പോലെ ചെലവഴിക്കുന്ന ആളുകളുണ്ട്. അവരുടെ സഹോദരൻ അവന്റെ തന്നെ ശത്രുവായ പിശാചാണ്. ദുർവ്യയക്കാരുടെ മുഴുവൻ പ്രവർത്തനങ്ങളിലും അവന്റേതായ പങ്കുണ്ട് എന്നതാണ് വാസ്തവം. അല്ലാഹു പറഞ്ഞു:

إِنَّ الْمُبَذِّرِينَ كَانُوا إِخْوَانَ الشَّيَاطِينِ (الإسراء: 27)

''തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു.'' (ഇസ്രാഅ്: 27)

### പിശാചിന്റെ ചതി

മനുഷ്യനെ അപകടത്തിലകപ്പെടുത്താൻ ഏത് തരം മാർഗവും പിശാച് സ്വീകരിക്കും. വസ്തുതകളെ വ്യാജമായി അവതരിപ്പിക്കാനും വസ്തുക്കളെ പേരുമാറ്റി സമർപ്പിക്കാനും പിശാചിനുള്ള കഴിവ് വേറെത്തന്നെയാണ്. ആദം നബി(ﷺ)യെ വഞ്ചിക്കാൻ പിശാച് സ്വീകരിച്ച വഴി അങ്ങനെയുള്ള ഒന്നായിരുന്നു. ഖുർആൻ പറയുന്നു:

فَوَسْوَسَ إِلَيْهِ الشَّيْطَانُ قَالَ يَا آدَمُ هَلْ أَدُلُّكَ عَلَىٰ شَجَرَةِ الْخُلْدِ وَمُلْكٍ لَا يَبْلَىٰ (طه: 120)

''അപ്പോൾ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും, ക്ഷയിച്ച് പോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് അറിയിച്ച് തരട്ടെയോ?''

അല്ലാഹു തആല ഏതൊരുമരത്തെ സമീപിക്കരുതെന്നും അതിലെ പഴം ഭക്ഷിക്കരുതെന്നും ആദമിന് കൽപന നൽകിയൊ അതേ മരത്തെയാണ് അനശ്വരത നൽകുന്ന വൃക്ഷം എന്ന് അദ്ദേഹത്തിന് പിശാച് പരിചയപ്പെടുത്തിക്കൊടുക്കുന്നത്!

### പാട്ടുകാർ പിശാചിന്റെ കൂട്ടുകാർ

ഗാനവും സംഗീതവുമൊക്കെ പിശാചിന്റെ രാഗങ്ങളാണ്. വളരെയധികം ആളുകളെ അവൻ കുതന്ത്രത്തിലകപ്പെടുത്തിയിരിക്കുന്നതു തന്നെ ഗാനവും സംഗീതവും അവർക്കിടയിൽ സാർവ്വത്രികമാക്കിക്കൊണ്ടാണ്. അല്ലാഹുവിൽ ശരണം.

അല്ലാഹു പിശാചിനോടായി പറഞ്ഞ ഒരു വചനം ഇതിന്നുള്ള രേഖയായി നമുക്ക് കാണാവുന്നതാണ്.

وَاسْتَفْزِزْ مَنِ اسْتَطَعْتَ مِنْهُم بِصَوْتِكَ (الإسراء: 64)

''അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ട് കൊള്ളുക.'' (ഇസ്രാഅ്: 64)

### പിശാചിന്റെ ശത്രുത മനുഷ്യന്റെ ജനനം മുതൽക്കേ

ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അവരുടെ സ്വഹീഹുകളിൽ രേഖപ്പെടുത്തിയ ഒരു ഹദീസ് കാണുക:

قال النبي ﷺ: «ما من بني آدم مولود إلا يمسه الشيطان حين يولد، فيستهل صارخا من مس الشيطان، غير مريم وابنها». (متفق عليه)

നബി തിരുമേനി ﷺ അരുളി: 'മർയമും (റ) അവരുടെ പുത്രനും (ഈസാ നബി) ഒഴികെ മറ്റേതൊരു മനുഷ്യൻ ജനിക്കുമ്പോഴും പിശാച് അവനെ സ്പർശിക്കാതിരിക്കില്ല. പിശാചിന്റെ സ്പർശനമേറ്റാണ് കുട്ടി അട്ടഹസിച്ചു കരയാൻ തുടങ്ങുന്നത്.' (ബുഖാരി, മുസ്‌ലിം)

## മനുഷ്യപ്രകൃതിയെ അലങ്കോലപ്പെടുത്തുന്നവൻ

മനുഷ്യ സമൂഹത്തെ വഴിപിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യുന്ന പിശാച് അല്ലാഹുവിന്റെ സൃഷ്ടിയിൽ കുഴപ്പങ്ങൾ വരുത്താനും അവരെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുമെന്ന് അല്ലാഹു പറയുന്നു:

وَلَآمُرَنهم فَلَيُغَيرن خَلْقَ الله (النساء: 119)

''ഞാൻ (പിശാച്) അവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടി (പ്രകൃതി) അലങ്കോലപ്പെടുത്തും.'' (നിസാഅ്: 119)

## ഇടങ്കൈ ഇഷ്ടപ്പെടുന്ന പിശാച്

പിശാച് ഭക്ഷിക്കുന്നതും കുടിക്കുന്നതും വാങ്ങുന്നതും കൊടുക്കുന്നതുമൊക്കെ ഇടതുകൈ കൊണ്ടാണെന്നും, അതുകൊണ്ടുതന്നെ സത്യവിശ്വാസികൾ വലതുകയ്യിനായിരിക്കണം പ്രാധാന്യം നൽകേണ്ടത് എന്ന് നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്. വീടണയുമ്പോഴും ഭക്ഷണപാനീയങ്ങൾ കഴിക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഓർക്കേണ്ടതിന്റെ ആവശ്യകതയും നബിതിരുമേനി ഉൽബോധിപ്പിച്ചിട്ടുണ്ട്.

قال ﷺ: «ليأكل أحدكم بيمينه، وليشرب بيمينه، وليأخذ بيمينه، وليعط بيمينه؛ فإن الشيطان يأكل بشماله، ويشرب بشماله، ويعطي بشماله، ويأخذ بشماله» (صحيح: أبو داود)

നബി ﷺ അരുളി: 'നിങ്ങൾ വലതുകൈ കൊണ്ട് തിന്നുക, വലതുകൈ കൊണ്ട് കുടിക്കുക, വലതുകൈ കൊണ്ട് വാങ്ങുകയും നൽകുകയും ചെയ്യുക. പിശാച് തിന്നുന്നതും, കുടിക്കുന്നതും, കൊടുക്കുന്നതും, വാങ്ങുന്നതും ഇടതു കൈ കൊണ്ടാണ്.' (സ്വഹീഹ്, അബൂദാവൂദ്)

ദൈവസ്മരണയില്ലാതെ ചെയ്യുന്ന ഏതൊരു കർമ്മത്തിലും പിശാചിന്റെ കൂടി പങ്കാളിത്തമുണ്ടാകുമെന്ന് നബി അരുളിയിട്ടുണ്ട്.

قال ﷺ: «إذا دخل الرجل بيته فذكر الله عند دخوله وعند طعامه قال الشيطان: لا مبيت لكم ولا عشاء، وإذا دخل فلم يذكر الله عند دخوله قال الشيطان: أدركتم المبيت، وإذا لم يذكر الله عند طعامه قال: أدركتم المبيت والعشاء» (رواه مسلم)

നബി ﷺ അരുളി: 'ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ ഓർത്താൽ പിശാച് (കൂടെയുള്ളവരോട്) പറയും: ഇന്നിവിടെ നിങ്ങൾക്ക് രാപാർക്കാനിടമൊ കഴിക്കാൻ ഭക്ഷണമൊ ലഭ്യമല്ല. എന്നാൽ വീട്ടിലേക്ക് പ്രവേശിക്കുന്ന വേളയിൽ അവൻ അല്ലാഹുവിനെ ഓർക്കാതിരുന്നാലൊ, ഇതാ, നിങ്ങൾക്കിന്ന് രാപാർക്കാനുള്ള ഇടംകിട്ടി എന്ന് പിശാച് വിളിച്ചു പറയും. അല്ലാഹുവിനെ ഓർക്കാതെയാണ് ഭക്ഷണം കഴിക്കുന്നത് എങ്കിൽ, ഇതാ, നിങ്ങൾക്കിന്ന് രാപാർക്കാനുള്ള ഇടവും, കഴിക്കാനുള്ള ഭക്ഷണവും കിട്ടിക്കഴിഞ്ഞു എന്ന് അവൻ വിളിച്ചു പറയും.' (മുസ്‌ലിം)

وقال ﷺ: «إن الشيطان يحضر أحدكم عند كل شيء من شأنه؛ حتى يحضره عند طعامه، فإذا سقطت من أحدكم اللقمة فليمط ما كان بها من أذى، ثم ليأكلها ولا يدعها للشيطان، فإذا فرغ فليلعق أصابعه؛ فإن لا يدري في أي طعامه تكون البركة» (رواه مسلم)

ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(ﷺ) പറഞ്ഞു. 'നിങ്ങളുടെ എല്ലാകാര്യങ്ങളിലും പിശാച് പങ്കെടുക്കും. ഭക്ഷണസമയത്തും കൂടി അവൻ പങ്കെടുക്കും. അങ്ങനെ നിങ്ങളിലാരുടെയെങ്കിലും ഒരുപിടി ഭക്ഷണം താഴെ വീണുപോയാൽ അത് പെറുക്കിയെടുത്ത് അഴുക്ക് നീക്കി ഭക്ഷിച്ചുകൊള്ളട്ടെ! പിശാചിനു വേണ്ടി അവനത് ഉപേക്ഷിച്ചിടരുത്. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ അവൻ വിരലുകൾ നക്കി വൃത്തിയായണം. അവന്റെ ഏത് ഭക്ഷണത്തിലാണ് ബർക്കത്ത് ഉള്ളതെന്ന് അവനറിയുകയില്ല.' (മുസ്‌ലിം.)

**ബാങ്ക് കേട്ടാൽ ഓടിപ്പോകുന്നവൻ**

നമസ്കാരത്തിലേക്കുള്ള വിളിയാളം പിശാചിന് അരോചകമാണ്, അസഹ്യമാണ്. അത് കേൾക്കുന്ന മാത്രയിൽ അവൻ വിദൂരസ്ഥലത്തേക്ക് പാഞ്ഞുപോകും.

قال ﷺ: «إن الشيطان إذا نودي بالصلاة أدبر» (رواه مسلم)

റസൂൽ(ﷺ) പറഞ്ഞു. 'നമസ്കാരത്തിന് ബാങ്ക് വിളിക്കപ്പെട്ടാൽ പിശാച് പിന്തിരിഞ്ഞോടുന്നതാണ്.' (മുസ്‌ലിം)

قال ﷺ: «إن الشيطان إذا سمع النداء بالصلاة ذهب حتى يكون مكان الروحاء» (رواه مسلم)

റസൂൽ(ﷺ) പറഞ്ഞു: 'നമസ്കാരത്തിനുള്ള വിളിയാളം കേട്ടാൽ പിശാച് റൗഹാഅ്* പ്രദേശത്തേക്ക് ഓടിപ്പോകും.' (മുസ്‌ലിം)

(*റൗഹാഅ്: മദീനയിൽ നിന്ന് 36 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശം.)

**തശഹ്ഹുദിൽ വിരലനക്കലും പിശാചും**

നമസ്കാരത്തിലെ തശഹ്ഹുദിൽ ചൂണ്ടുവിരൽ ചലിപ്പിക്കുന്നത് സുന്നത്താണ്. പിശാചിനെ സംബന്ധിച്ചിടത്തോളം അത് ഇരുമ്പു വടികൊണ്ടുള്ള പ്രഹരത്തേക്കാൾ കഠിനമായിട്ടാണ് അനുഭവപ്പെടുക.

قال ﷺ: «لهي أشد على الشيطان من الحديد» يعني السبابة(صحيح: رواه الإمام أحمد)

നബി ﷺ പറഞ്ഞു: 'തീർച്ചയായും അത് (തശഹ്ഹുദിലെ ചൂണ്ടുവിരലനക്കൽ) പിശാചിന്ന് ഇരുമ്പുകൊണ്ടുള്ള പ്രഹരത്തേക്കാൾ കഠിനമാണ്.' (സ്വഹീഹ്, അഹ്മദ്)

**നമസ്കരിക്കുന്നവന്റെ മുന്നിലെ സുത്റയും പിശാചും**

നമസ്കരിക്കുന്നവൻ മുന്നിൽ ഒരു സുത്റ (മറ) സ്ഥാപിച്ചിരിക്കണം എന്ന നിർദ്ദേശം പ്രവാചക സുന്നത്തിൽ കാണാം. അതുകൊണ്ടുള്ള ഗുണം നബി(സ്വ) വിശദീകരിച്ചു തരികയും ചെയ്തിട്ടുണ്ട്. ഒരു ഹദീസ് കാണുക:

قال ﷺ: «إذا صلى أحدكم إلى سترة فليدن منها، لا يقطع الشيطان عليه صلاته» (صحيح: النسائي)

നബി ﷺ അരുളി: 'നിങ്ങളിൽ നിന്നാരാണൊ സുത്റക്കുമുന്നിൽ നിന്ന് നമസ്കരിക്കുന്നത് അവൻ അതിനോട് ചേർന്നു നിൽക്കട്ടെ. പിശാച് അവന്റെ നമസ്കാരത്തിന് ഭംഗമുണ്ടാക്കുകയില്ല.' (സ്വഹീഹ്, നസാഈ)

**നമസ്കരിക്കുന്നവനെ വസ്‌വാസിലകപ്പെടുത്തുന്നവൻ**

നമസ്കാര സ്ഥലത്തെത്തി നമസ്കരിച്ചു കൊണ്ടിരിക്കുന്നവനെ സംശയാലുവാക്കുന്ന പണി ഇബ്‌ലീസിന്റെ സമ്പ്രദായമാണ്. റസൂൽ ﷺ അക്കാര്യം നമ്മെ പ്രത്യേകം ഉണർത്തിയിട്ടുള്ളതാണ്.

قال ﷺ: «إن الشيطان يأتي أحدكم في صلاته، فيلبس عليه، حتى لا يدري كم صلى؟ فإذا وجد ذلك أحدكم، فليسجد سجدتين وهو جالس قبل أن يسلم، ثم يسلم» (صحيح: أبو داود)

റസൂൽ ﷺ അരുളി: 'പിശാച് നിങ്ങളിൽ നമസ്കരിക്കുന്നവന്റരികിൽ വരികയും, താൻ എത്ര നമസ്കരിച്ചു എന്നറിയാൻ കഴിയാത്തവിധം അവനെ സന്ദേഹത്തിലാക്കുകയും ചെയ്യും. അങ്ങനെ നിങ്ങളിലാർക്കെങ്കിലും അനുഭവപ്പെട്ടാൽ, (അത്തഹിയ്യാത്തിന്) ഇരിക്കുമ്പോൾ സലാം വീട്ടുന്നതിന് മുമ്പായി രണ്ട് സുജൂദ് ചെയ്യുക. ശേഷം (നമസ്കാരത്തിൽ നിന്ന് വിരമിക്കുന്നതിനുള്ള) സലാം വീട്ടുക.' (സ്വഹീഹ്, അബൂ ദാവൂദ്)

### പിശാചും സ്വഫ്ഫിലെ വിടവും

നമസ്കാരത്തിന് നിൽക്കുന്ന വരികളിലെ വിടവുകൾ പിശാചിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. എവിടെ വിടവ് കാണുന്നുവൊ അവിടെ കയറി നിൽക്കാൻ അവൻ കൂടുതൽ താത്പര്യം കാണിക്കും. ഒരു നബി വചനം വായിക്കുക:

قال ﷺ: «أقيموا الصفوف؛ فإنما تصفون بصفوف الملائكة، وحاذوا بين المناكب وسدوا الخلل، ولينوا بأيدي إخوانكم، ولا تذروا فرجات للشيطان، ومن وصل صفا وصله الله، ومن قطع صفا قطعه الله عز وجل» (صحيح: أبو داود)

''നിങ്ങൾ സ്വഫ്ഫുകൾ ശരിയാക്കുക, മലക്കുകൾ അണിനിൽക്കുന്നതു പോലെയാകണം നിങ്ങൾ അണിനിൽക്കേണ്ടത്. തോളുകൾ ചേർത്ത് വെക്കുക, വിടവുകൾ നികത്തുക, നിങ്ങളുടെ സഹോദരങ്ങളുടെ കൈകളുമായി സൗമ്യതയിൽ അടുത്തുവെക്കുക. പിശാചിന് കയറി നിൽക്കാൻ നിങ്ങളുടെ സ്വഫ്ഫുകളിൽ വിടവ് അനുവദിക്കാതിരിക്കുക. സ്വഫ്ഫ് പൂർണ്ണമായി ചേർക്കുന്നവനെ അല്ലാഹുവും (കാരുണ്യത്തിൽ) ചേർക്കുന്നതാണ്. സ്വഫ്ഫിന്റെ പൂർണ്ണത മുറിക്കുന്നവനെ, അല്ലാഹുവും (കാരുണ്യത്തിൽ നിന്ന്) മുറിക്കുന്നതാണ്.'' (സ്വഹീഹ്, അബൂദാവൂദ്)

وقال ﷺ: «رصوا صفوفكم وقاربوا بينها، وحاذوا بالأعناق؛ فوالذي نفسي بيده إني لأرى الشيطان يدخل من خلل الصف كأنها الحَذَف» (صحيح: أبو داود)

പ്രവാചകൻ (സ്വ) അരുളി: ''നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കുക. വിടവില്ലാത്തവിധം ചേർന്ന്നിൽക്കുക. തോളുകൾ അടുപ്പിച്ച് വെക്കുക. അല്ലാഹുവാണ, സത്യം! സ്വഫ്ഫിലെ വിടവുകളിലൂടെ പിശാച് ആട്ടിൻക്കുട്ടികളെപ്പോലെ പ്രവേശിക്കുന്നത് ഞാൻ കാണുന്നു.'' (സ്വഹീഹ്, അബൂ ദാവൂദ്)

### ഹൃദയത്തിൽ പകയുണ്ടാക്കുന്നവൻ പിശാച്

സഹോദരങ്ങളുടെ മനസ്സിൽ പകയുണ്ടാക്കി അവർക്കിടയിൽ കുഴപ്പമുണ്ടാക്കുന്നവനാണ് പിശാച്. മഹാനായ യൂസുഫ് നബിയുടെ കഥ വിവരിക്കുന്നിടത്ത് പിശാചിന്റെ ഈ പ്രവണതയെ, യൂസുഫ് നബിയുടെ തന്നെ പ്രസ്താവനയായി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

وَقَالَ يَا أَبَتِ هَـٰذَا تَأْوِيلُ رُؤْيَايَ مِن قَبْلُ قَدْ جَعَلَهَا رَبِّي حَقًّا وَقَدْ أَحْسَنَ بِي إِذْ أَخْرَجَنِي مِنَ السِّجْنِ وَجَاءَ بِكُم مِّنَ الْبَدْوِ مِن بَعْدِ أَن نَّزَغَ الشَّيْطَانُ بَيْنِي وَبَيْنَ إِخْوَتِي ( يوسف: 100)

''അദ്ദേഹം പറഞ്ഞു: എന്റെ പിതാവേ, മുമ്പ് ഞാൻ കണ്ട സ്വപ്നം പുലർന്നതാണിത്. എന്റെ രക്ഷിതാവ് അതൊരു യാഥാർത്ഥ്യമാക്കിത്തീർത്തിരിക്കുന്നു. എന്നെ അവൻ ജയിലിൽ നിന്ന് പുറത്തുകൊണ്ട് വന്ന സന്ദർഭത്തിലും എന്റെയും എന്റെ സഹോദരങ്ങളുടെയും ഇടയിൽ പിശാച് കുഴപ്പം ഇളക്കിവിട്ടതിന് ശേഷം മരുഭൂമിയിൽ നിന്ന് അവൻ നിങ്ങളെയെല്ലാവരെയും (എന്റെ അടുത്തേക്ക്) കൊണ്ടുവന്ന സന്ദർഭത്തിലും അവൻ എനിക്ക് ഉപകാരം ചെയ്തിരിക്കുന്നു.'' (യൂസുഫ്: 100)

### ചീത്ത സ്വപ്നങ്ങളുമായി പിശാച്

قال ﷺ: «إذا رأى أحدكم الرؤيا يحبها فإنما هي من الله، فليحمد الله عليها وليحدث بها، وإذا رأى غير ذلك مما يكره، فإنما هي من الشيطان» (متفق عليه)

നബി ﷺ അരുളി: 'താനിഷ്ടപ്പെടുന്ന വല്ല സ്വപ്നവും നിങ്ങളാരെങ്കിലും കണ്ടാൽ അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അതിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കുകയും, ആ സ്വപ്നത്തെപ്പറ്റി ആളുകളോട് പറയുകയും ചെയ്യട്ടെ. എന്നാൽ തനിക്ക് വെറുപ്പുള്ള ഒന്നാണ് അവൻ കാണുന്നത് എങ്കിലോ, നിശ്ചയം അത് പിശാചിൽ നിന്നും ഉള്ളതാണ്.' (ബുഖാരി, മുസ്‌ലിം)

**കോട്ടുവായിടുന്നത് കണ്ടാൽ പൊട്ടിച്ചിരിക്കുന്നവൻ**

ആരെങ്കിലും കോട്ടുവായിടുകയും തന്റെ കൈകൊണ്ട് അതിനെ അടക്കാതിരിക്കുകയും ചെയ്യുന്നത് കണ്ടാൽ ഇബ്‌ലീസ് പൊട്ടിച്ചിരിക്കുമെന്ന് പ്രവാചകതിരുമേനി(സ്വ) പ്രസ്താവിച്ചിട്ടുണ്ട്.

قال ﷺ: «العطاس من الله، والتثاؤب من الشيطان، فإذا تثاءب أحدكم فليضع يده على فيه، وإذا قال: آه آه؛ فإن الشيطان يضحك من جوفه، وإن الله يحب العطاس ويكره التثاؤب» (صحيح: الترمذي)

നബി ﷺ അരുളി: 'തുമ്മൽ അല്ലാഹുവിൽ നിന്നുള്ളതാണ്; കോട്ടുവായ പിശാചിൽ നിന്നും. കോട്ടുവായ ഇടുന്നവൻ തന്റെ കൈ അവന്റെ വായിൽ വെക്കട്ടെ. കോട്ടുവായകൊണ്ട് ഒരാൾ, ഹാ, ഹാ എന്ന് പറഞ്ഞാൽ പിശാച് പൊട്ടിച്ചിരിക്കുന്നതാണ്. അല്ലാഹു തുമ്മലിനെ ഇഷ്ടപ്പെടുകയും കോട്ടുവായയെ വെറുക്കുകയും ചെയ്യുന്നു.' (സ്വഹീഹ്, തിർമിദി)

**ഉറങ്ങുന്നവന്റെ ശിരസ്സിൽ കെട്ടിടുന്നവൻ**

ഒരാൾ നിദ്രയിലായാൽ അവന്റെ കുടുമയിൽ പിശാച് മൂന്ന് കെട്ടുകളിടുന്നതാണ്. അവ്വിഷയകമായി വന്ന ഹദീസ് കാണുക.

قال ﷺ: «يعقد الشيطان على رأس أحدكم ثلاث عقد إذا نام، بكل عقدة يضرب عليك ليلاً طويلاً، فإن استيقظ فذكر الله عز وجل انحلت عقدة، وإذا توضأ انحلت عنه عقدتان، فإن صلى انحلت العقد، فأصبح نشيطًا طيب النفس وإلا أصبح خبيث النفس كسلان» (رواه مسلم)

നബി ﷺ അരുളി: 'ഒരാൾ ഉറങ്ങിയാൽ അവന്റെ ശിരസ്സിൽ പിശാച് മൂന്ന് കെട്ടുകളിടുന്നതാണ്. ഉറങ്ങാൻ ദീർഘരാത്രിയുണ്ടെന്ന് ഓരോ കെട്ടും നിന്നെ തോന്നിപ്പിക്കുകയും ചെയ്യും. ഉറക്കിൽ നിന്നെഴുന്നേറ്റ്, അല്ലാഹുവിനെ സ്മരിച്ചാൽ ഒരു കെട്ട് അഴിയുന്നതാണ്. വുളു ചെയ്യുന്നതോടെ രണ്ടാമത്തെ കെട്ടും അഴിയുന്നതാണ്. നമസ്കരിക്കുക കൂടി ചെയ്താൽ അവശേഷിക്കുന്ന കെട്ടും അഴിഞ്ഞുവീഴും. അങ്ങനെയാണ് എങ്കിൽ അവന്ന് പ്രഭാതത്തിൽ ഉന്മേഷവാനായി, ഹൃദയശുദ്ധിയോടെ എഴുന്നേൽക്കാനാകും. അവ്വിധത്തിലല്ല എങ്കിൽ, ചീത്ത മനസ്സോടെ, അലസനായി എഴുന്നേൽക്കാനാണ് അവന്ന് സാധിക്കുക.' (മുസ്‌ലിം)

**ഒറ്റക്കു യാത്രചെയ്യുന്നവനോടൊപ്പം**

തനിച്ചു യാത്രചെയ്യുന്നവനെ പിശാചിന്ന് ഇഷ്ടമാണ്. അവൻ അവന്റെ യാത്രയിൽ കൂട്ടുകാരനായി ചേരുന്നതുമാണ്.

قال ﷺ: «الراكب شيطان، والراكبان شيطانان، والثلاثة ركب» (صحيح: الترمذي)

അംറുബിൻ ശുഐബ്(റ)തന്റെ പിതാവിൽ നിന്നും അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നു: 'ഒറ്റക്ക് യാത്ര ചെയ്യുന്നവൻ ശൈത്താനാണ്. രണ്ടുപേരുള്ള യാത്രക്കാരും ശൈത്താന്മാരാണ്. മൂന്നാളുകൾ ഒരു യാത്രാ സംഘമാണ്.' (സ്വഹീഹ്, തിർമിദി)

ഒന്നോ രണ്ടോ ആളുകൾ മാത്രമായുള്ള യാത്രയെ, പിശാചിന്ന് എളുപ്പം സ്വാധീനിക്കാൻ സാധിക്കും എന്ന ആശയമാണ് ഈ ഹദീസ് നൽകുന്ന പാഠം.

**സംഘശക്തിയെ (ജമാഅത്ത്) ഭയക്കുന്നവൻ**

വിശ്വാസികളുടെ സംഘശക്തിയെ പേടിയുള്ള പിശാച് അവരിൽ നിന്ന് ദൂരെ മാറിനിൽക്കുമെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.

قال ﷺ: «من أراد منكم بحبوحة الجنة فليلزم الجماعة؛ فإن الشيطان مع الواحد، وهو من الاثنين أبعد» (صحيح: الترمذي)

നബി ﷺ അരുളി: സ്വർഗത്തിന്റെ മധ്യഭാഗം നിങ്ങളിൽനിന്ന് ആര് കൊതിക്കുന്നുവൊ, അവൻ മുസ്‌ലിം ജമാഅത്തുമായി ചേർന്നു നിൽക്കട്ടെ. പിശാച് ഒറ്റക്ക് നിൽക്കുന്നവനോടൊപ്പമാണുണ്ടാവുക. രണ്ടാളുണ്ടെങ്കിൽ അവൻ അകലെയായിരിക്കും. (സ്വഹീഹ്, തിർമിദി)

### വീട്ടിൽ നിന്ന് തനിച്ചിറങ്ങുന്ന സ്ത്രീയെ വഴിപിഴപ്പിക്കുന്നവൻ

قال ﷺ: «المرأة عورة؛ فإذا خرجت استشرفها الشيطان». (صحيح: الترمذي)

നബി ﷺ അരുളി: 'സ്ത്രീ ഔറത്താണ്. അവൾ (തന്റെ വീട്ടിൽ നിന്നും) പുറത്തിറങ്ങിയാൽ പിശാച് അവളെ നോക്കിക്കൊണ്ടിരിക്കും.' (സ്വഹീഹ്, തിർമിദി)

### ആണും പെണ്ണും തനിച്ചായാൽ മൂന്നാമൻ പിശാച്

അന്യ സ്ത്രീപുരുഷൻമാർ തനിച്ചാകുന്നതിനെ ഇസ്‌ലാം വിരോധിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ അപകടം പതിയിരിക്കുന്നു എന്നതു കൊണ്ടാണത്. അതു കൊണ്ടു തന്നെ നബി ﷺ യിൽ നിന്നുള്ള ഒരു ഉപദേശം ശ്രദ്ധിക്കുക:

قال ﷺ: «لا يخلون رجل بامرأة؛ فإن ثالثهما الشيطان». (صحيح: ابن ماجه)

നബി ﷺ അരുളി: 'ഒരു ആണും മറ്റൊരു പെണ്ണുമായി തനിച്ചാകരുത്. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ, അവരോടൊപ്പം മൂന്നാമനായി പിശാചുണ്ടായിരിക്കും.' (സ്വഹീഹ്, ഇബ്നു മാജ)

### ആർത്തവരക്തത്തിലെ ആധിക്യം

ചില സ്ത്രീകളിൽ കാണുന്ന ആർത്തവരക്തത്തിന്റെ ആധിക്യം പിശാചിന്റെ സ്വാധീനഫലമായിട്ടാണ് എന്ന് പ്രവാചകൻ ﷺ സൂചിപ്പിച്ചിട്ടുണ്ട്.

فعن عائشة رضي الله عنها، أن رسول الله ﷺ قال لها عن الدم الزائد في الحيض: «إنه ركضة من ركضات الشياطين» (صحيح: الترمذي)

ആയിഷ(റ) നിവേദനം. ആർത്തവരക്തത്തിന്റെ ആധിക്യത്തെപ്പറ്റി നബി ﷺ ഒരിക്കൽ അവരോട് പറഞ്ഞു: 'തീർച്ചയായും അത് പിശാചിന്റെ സമ്മർദ്ദങ്ങളിൽ നിന്നുള്ള ഒരു സമ്മർദ്ദം മൂലമാണ്.' (സ്വഹീഹ്, തിർമിദി)

### ഉച്ചയുറക്കമില്ലാത്തവൻ

ഉച്ചയുറക്കം നബി ﷺ യുടെ സമ്പ്രദായത്തിൽപ്പെട്ടതാണ്.

قال النبي ﷺ: «قيلوا فإن الشياطين لا تقيل». (صحيح الجامع: 44)

നബി ﷺ അരുളി: 'നിങ്ങൾ ഉച്ചയുറക്കം ശീലിക്കുക, പിശാച് ഉച്ചയുറക്കമില്ലാത്തവനാണ്.' (സ്വഹീഹുൽ ജാമിഅ്, 443)

### പിഴച്ച വഴികളിലെ പ്രബോധകൻ

അല്ലാഹു പറഞ്ഞു:

وَأن هَذَا صِرَاطي مستَقيما فَاتبعوه وَلَا تَتبعوا السبلَ فَتفَرقَ بِكُم عَن سَبيله (الأنعام: 153)

''ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും.'' (അൻആം: 153)

ഈ ആയത്തിനെ നബി(സ്വ) നമുക്ക് പ്രാവർത്തികമായി വിശദീകരിച്ചു തന്നിട്ടുണ്ട്.

فخط خطًا بيده، ثم قال: «هذا سبيل الله مستقيما» وخط عن يمينه وشماله، ثم قال: «هذه سبيل الله مستقيما» وخط عن يمينه وشماله، ثم قال: «هذه السبل ليس فيها سبيل إلا عليه شيطان يدعو إليه ثم قرأ الآية» (صحيح: النسائي)

'ഒരിക്കലദ്ദേഹം തന്റെ കൈകൊണ്ട് മണ്ണിലൊരു നേർവര വരച്ചു. എന്നിട്ട് പറഞ്ഞു: ഇതാണ് അല്ലാഹുവിന്റെ നേരായ പാത. ശേഷം തിരുമേനി(സ്വ) ആ വരയുടെ വലതും ഇടതുമായി കുറേ വരകൾ വരച്ചു കൊണ്ട് പറഞ്ഞു: ഇവ മറ്റുമാർഗങ്ങളാണ്, ഇതിലെ ഓരോ വഴിയിലും തന്നിലേക്ക് ക്ഷണിച്ചു കൊണ്ട് പിശാച് നിലയുറപ്പിച്ചിട്ടുണ്ട്.' എന്നിട്ട് മേലെ നൽകിയ ആയത്ത് തിരുമേനി(ﷺ) ഓതുകയുണ്ടായി. (സ്വഹീഹ്, നസാഈ)

**ശപിക്കുന്തോറും അഭിമാനിക്കുന്നവൻ**

പിശാചിന് വിചിത്രമായ ഒരു സ്വഭാവമുണ്ട്. നമ്മൾ അവനെ ശപിക്കുന്ന വേളകളിലെല്ലാം അവൻ അഹങ്കാരപൂർവം അഭിമാനം കൊള്ളും എന്നതാണത്. എന്നാൽ നാം അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ അവൻ സ്വയം ചെറുതായിത്തീരുകയും അപകർഷതയിലായിത്തീരുകയും ചെയ്യും.

قال ﷺ عند عثور الدابة وغيرها: «لا تقل: تعس الشيطان، فإنك إذا قلت ذلك تعاظم حتى يكون مثل البيت، ويقول: بقوتي، ولكن قل: بسم الله؛ فإنك إذا قلت ذلك تصاغر الشيطان حتى يكون مثل الذباب» (صحيح: أبو داود)

'യാത്രാമൃഗത്തിന്റെ കാലിടറുകയോ മറ്റൊ ചെയ്യുമ്പോൾ നീ, പിശാചിന് നാശം എന്ന് പറയരുത്. കാരണം അങ്ങനെ നീ പറയുമ്പോൾ പിശാച് സ്വയം വലുപ്പം നടിച്ച് ഒരു വീടിനോളം ഉയരും. എന്നിട്ട് എന്റെ ശക്തിയുടെ ഊക്ക് കണ്ടില്ലെ എന്നവൻ പറയും. അതിനാൽ നീ ബിസ്മില്ലാഹ് എന്ന് പറയുകയാണ് വേണ്ടത്. അങ്ങനെ നീ പറയുമ്പോൾ പിശാച് ഒരു ഈച്ചയോളം ചെറുതായി സ്വയം നിസ്സാരനായിത്തീരുന്നതാണ്.' (സ്വഹീഹ്, അബൂദാവൂദ്)

**കോപിക്കുമ്പോൾ പിശാചിന്റെ സാന്നിധ്യം**

കോപം പിശാചിന്ന് ഇഷ്ടമാണ്. സ്വന്തം സഹോദരനോട് കോപംകൊണ്ട് തുടുത്ത മുഖവുമായി നിൽക്കുന്ന ഒരു വ്യക്തിയെ കണ്ടപ്പോൾ നബി(ﷺ) പറഞ്ഞു:

قال ﷺ: «إني لأعلم كلمة لو قالها ذهب عنه ما يجد، لو قال: أعوذ بالله من الشيطان، ذهب عنه ما يجد» (متفق عليه)

'എനിക്കൊരു വചനമറിയാം അതവൻ പറഞ്ഞിരുന്നെങ്കിൽ അവന്ന് ബാധിച്ച കോപം ഇല്ലാതായേനെ. അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം എന്നവൻ പറഞ്ഞാൽ അവന്നു ബാധിച്ച കോപം നീങ്ങുന്നതാണ്. '(ബുഖാരി, മുസ്‌ലിം)

**ആയത്തുൽ കുർസിയ്യിനെ ഭയക്കുന്നവൻ**

وقد صح أن الشيطان قال لأبي هريرة ﷺ: «من قرأ آية الكرسي قبل النوم، لا يزال عليه من الله حافظ ولا يقربه شيطان حتى يصبح» وأقر رسول الله ﷺ فقال: «صدقك وهو كذوب» (رواه البخاري)

ഒരു സംഭവത്തോടനുബന്ധിച്ച് ഇബ്‌ലീസ് അബൂഹുറൈറ(റ)യോട് പറഞ്ഞു: 'ഉറങ്ങുന്നതിന് മുമ്പ് ആയത്തുൽ കുർസിയ്യ് ഓതുന്നവന് അല്ലാഹു സംരക്ഷണം നൽകിക്കൊണ്ടിരിക്കും, പുലരുവോളം അവനെ പിശാച് സമീപിക്കുകയില്ല. ഈ സംഭവം നബി(സ്വ)യെ അബൂഹുറയ്റ(റ) അറിയിച്ചപ്പോൾ അതിനെ അംഗീകരിച്ചു കൊണ്ട് തിരുമേനി പറഞ്ഞു: അവൻ നുണയാണെങ്കിലും, നിന്നോടവൻ പറഞ്ഞത് സത്യമാണ്.' (ബുഖാരി)

**റമദാനിൽ പിശാച് ചങ്ങലക്കിടപ്പെടും**

قال ﷺ: «إذا جاء رمضان فتحت أبواب الجنة، وغلقت أبواب النار، وصفدت الشياطين» (صحيح: النسائي)

നബി(ﷺ) അരുളി: 'റമദാനണഞ്ഞാൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും, നരകവാതിലുകൾ അടക്കപ്പെടും. പിശാചുക്കൾ ചങ്ങലക്കിടപ്പെടുകയും ചെയ്യും.' (സ്വഹീഹ്, നസാഈ)

**പശ്ചാതാപത്തിന്റെ മുന്നിൽ പിടിച്ചു നിൽക്കാനാകാത്തവൻ**

ദൈവദാസന്മാരുടെ ആത്മാർഥമായ ഖേദത്തിന്റേയും പശ്ചാത്താപത്തിന്റേയും മുന്നിൽ അടിപതറുന്നവനാണ് പിശാച്. അല്ലാഹു പറയുന്നു:

إِن الذينَ اتقَوا إِذَا مَسهم طَائف منَ الشيطَانِ تَذَكروا فَإِذَا هم مبصرونَ (الأعراف: 201)

''തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവരെ പിശാചിൽ നിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽ അവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്. അപ്പോഴതാ അവർ ഉൾകാഴ്ചയുള്ളവരാകുന്നു.'' (അഅ്റാഫ്: 201)

**പിശാച് ദുർബലൻ**

അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാരുടെമുന്നിൽ പിശാച് തീർത്തും ദുർബലനാണ്. അവരെ പ്രാപിക്കാൻ തനിക്ക് സാധ്യമല്ലെന്ന് അവൻ തന്നെ പ്രഖ്യാപിച്ചതാണ്. ഖുർആൻ അത് വ്യക്തമാക്കുന്നത് കാണുക:

قَالَ رَب بِمَا أَغْوَيتَنِي لَأُزَينَن لَهم في الْأَرضِ وَلَأُغْوِيَنهم أَجمَعينَ (الحجر: 39)

''അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ.'' (ഹിജ്ർ: 39)

തനിക്കു മാത്രമായി ആത്മാർഥതയോടെ നിർവഹിക്കപ്പെടുന്ന കർമ്മങ്ങൾ മാത്രമാണ് അല്ലാഹു തആലാ തന്റെ അടിയാറുകളിൽ നിന്ന് സ്വീകരിക്കുകയുള്ളൂ.

وقال النبي ﷺ: «إن الله لا يقبل من العمل إلا ما كان خالصا له وابتغي به وجهه» (صحيح: النسائي)

നബി(ﷺ) അരുളി: അല്ലാഹുവിനു മാത്രമായും അവന്റെ പ്രതിഫലം ഉദ്ദേശിച്ചുകൊണ്ടും ഉള്ളതല്ലാത്ത ഒരു പ്രവർത്തനവും അവൻ സ്വീകരിക്കുകയില്ല. (സ്വഹീഹ്, നസാഈ)

**അവസാനമായി,**

വിശ്വാസീ സഹോദരങ്ങളേ, അല്ലാഹു തന്റെ ദാസന്മാരുടെ മേൽ പിശാചിന്ന് യാതൊരു ആധിപത്യവും നൽകിയിട്ടില്ല. എന്നാൽ, പിശാചിനെ അനുസരിക്കാവുന്ന മാർഗങ്ങൾ അവൻ ഉണ്ടാക്കിയിട്ടുണ്ട്. ആ മാർഗങ്ങളെ തിരിച്ചറിഞ്ഞിട്ടും അതിലൂടെ സഞ്ചരിക്കുന്നു വെങ്കിൽ അത്തരക്കാരുടെ മേൽ അല്ലാഹു പിശാചിന്ന് സ്വാധീനമുണ്ടാക്കിക്കൊടുക്കുന്ന താണ്. ആകയാൽ പിശാചിൽ നിന്നകലാനും നന്മകളിൽ മുഴുകാനും നമുക്ക് സാധിക്കു ന്നുവെങ്കിൽ ആ ഭാഗ്യത്തെയോർത്ത് അല്ലാഹുവിനെ സ്തുതിക്കുക. അതല്ല, പിശാചിന്റെ കെണിയിലെങ്ങാനും അകപ്പെട്ടുവെങ്കിൽ നമ്മുടെ നിലപാടിനെ പഴിച്ചും, അതിലെ അപാകതകളെ തിരിച്ചറിഞ്ഞും നേർമാർഗത്തിലേക്ക് പ്രവേശിക്കുക. ചെകുത്താന്റെ കെടുതി കളിൽ നിന്നും രക്ഷനേടാൻ, നബി(ﷺ) പഠിപ്പിച്ചു തന്ന ദിക്റുകളും, പ്രാർഥനകളും പതിവാക്കുന്നത് നല്ലതാണ്. തനിക്കും കുടുംബാംഗങ്ങൾക്കും അവന്റെ കുതന്ത്രങ്ങളിൽ നിന്നും, അപകടങ്ങളിൽ നിന്നും രക്ഷപ്പെടാൻ അവ ഉപകരിക്കുമെന്നതിൽ സംശയമില്ല. അല്ലാഹുവാണ് മതിയായവൻ, അവൻ തന്നെയാണ് സംരക്ഷകൻ.

وصلى الله على نبينا محمد وعلى آله وصحبه وسلم

---

വിവ. കബീർ എം. പറളി